Urgent

നം:ICDS.B5-3603/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം-695012
തീയതി : 29.04.2017.

website

## പരിപത്രം

വിഷയം :- സാമൂഹ്യനീതി വകുപ്പ് -ഐസിഡി.എസ് - കൊടും ചൂടും വെള്ളമില്ലായ്മയുടെ പ്രശ്നങ്ങളും ഉള്ള അങ്കണവാടികളിൽ എത്താതിരിക്കുന്ന കുട്ടികളുടെ പോഷകാഹാര വിതരണം- സംബന്ധിച്ച്.

സൂചന :- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 25.03.2017 ലെ 9344/09/LA2/2016/KeSCPCR നം. ഉത്തരവ്

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ സൂചന ഉത്തരവുപ്രകാരം കൊടും ചൂടും വെള്ളത്തിന്റെ ലഭ്യതകുറവും ഉള്ള സ്ഥലങ്ങളിൽ കുട്ടികളെ അങ്കണവാടിയിൽ പോകാൻ നിർബന്ധിക്കുന്നത് ബാലാവകാശ ലംഘനമാണെന്നും അങ്കണവാടിയിലേത്താതിരിക്കുന്ന കുട്ടികൾക്കുള്ള പോഷകാഹാര സാധനങ്ങൾ അമ്മമാർ വഴി വീട്ടിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്.

കൊടും ചൂടും വെള്ളമില്ലായ്മയും രൂക്ഷമായ സ്ഥലത്തുള്ള അങ്കണവാടികളിൽ പോകുന്ന ശൈശവഘട്ടത്തിലെ കുട്ടികളെ അടുത്ത മാസം കൊടും ചൂടും വെള്ളമില്ലായ്മയുടെ പ്രശ്നങ്ങളും ബാധിക്കാതിരിക്കാൻ ടി സ്ഥലത്തുള്ള അങ്കണ വാടികളിൽ എത്താതിരിക്കുന്ന കുട്ടികളെ പോഷകാഹാര സാധനങ്ങൾ അമ്മമാർ വഴി വീട്ടിൽ ലഭ്യമാകുന്നതിനും കൊടുത്തയക്കുന്ന പോഷകാഹാര സാധനങ്ങൾ കുട്ടികൾക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കണമെന്നും നിർദ്ദേശിക്കുന്നു.

കൊടും ചൂടും വെള്ളമില്ലായ്മയുടെ പ്രശ്നങ്ങളും രൂക്ഷമായ അങ്കണവാടികളിൽ മാത്രമാണ് ഇത് നടപ്പിലാക്കേണ്ടതെന്ന് ശിശുവികസനപദ്ധതി ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

1. എല്ലാ ശിശുവികസന പദ്ധതി ആഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
3. എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്കും
4. സ്റ്റോക്ക് ഫയൽ/ഒ.സി.

TSS2 May 2017